# 5
# ഒരുമിച്ചുനിന്നാൽ

അയൽപക്കബന്ധങ്ങളുടെയും പരസ്പര സ്നേഹത്തിന്റെയും വിളനില മായിരുന്നു നമ്മുടെ ഗ്രാമങ്ങൾ. ഒത്തൊരുമിച്ചുള്ള പ്രവർത്തനഫലമായി ഓരോ നാട്ടിലും ഉണ്ടായ വികസനം ഏറെയാണ്. നമ്മുടെ മുൻഗാമികളുടെ കൂട്ടാ യ്മയിലൂടെ ഉണ്ടായ റോഡുകളും തോടും കുളങ്ങളും സ്ഥാപനങ്ങളുമാണ് നാം ഇന്ന് ഉപയോഗിക്കുന്നത്. ഇന്ന് ഇത്തരം കൂട്ടായ്മകൾ കുറഞ്ഞു വരിക യാണ്. ഇത് തിരിച്ചുകൊണ്ടുവരേണ്ടതുണ്ട്.

സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രമായ വികാസത്തെ ക്കുറിച്ചും വേണ്ടത്ര ധാരണയില്ലെന്ന പ്രശ്നമേഖലയിൽ രണ്ട് യൂണിറ്റുകൾ ഉണ്ട്. 'പൊതു ഇടങ്ങളുടെയും ആഘോഷങ്ങളുടെയും ഒത്തുചേരലിന്റെയും പ്രാധാന്യം വേണ്ടത്ര മനസ്സിലാക്കുന്നില്ല' എന്ന ഉപപ്രശ്നത്തെ ആധാരമാ ക്കിയാണ് ഈ പാഠം തയ്യാറാക്കിയിട്ടുള്ളത്. പ്രാദേശിക ഉത്സവങ്ങൾ, വിവാഹം, അൽക്കാരുമായുള്ള സഹകരണം തുടങ്ങി കുട്ടിയുടെ അനുഭവസീമയിലുള്ള കാര്യങ്ങളിൽ നിന്നും പൊതു ഇടങ്ങൾ, ആഘോഷങ്ങൾ ഒത്തുചേരലുകൾ എന്നിവയുടെ പ്രസക്തിയിലേക്ക് വളരുന്ന വിധമാണ് പാഠഭാഗം വിനിമയം ചെയ്യേണ്ടത്.

അനൗൺസ്മെന്റ്, പത്രവാർത്ത എന്നീ വ്യവഹാരരൂപങ്ങൾ ഈ പാഠ ത്തിലൂടെ പരിചയപ്പെടുന്നു. കുറിപ്പുകൾ, അനുഭവവിവരണം എന്നിവയിലൂടെ ആശയ പ്രകടനം നടത്താൻ ഈ യൂണിറ്റിലൂടെ കുട്ടികൾ കഴിവുനേടണം. ഗണിതത്തിൽ സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം, കലണ്ടർ പരിചയം, പാറ്റേൺ എന്നിവയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. ഭാഷ, ഗണിതം, പരി സരപഠനം, ചിത്രരചന, നിർമ്മാണം എന്നിവയെല്ലാം പരിഗണിച്ചുകൊണ്ടുള്ള ആറ് മൊഡ്യൂളുകളിലായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു.

കൂട്ടായ്മയുടെയും സഹകരണത്തിന്റെയും സംസ്കാരം അന്വേഷിച്ചറി യുന്നതിനും അവ നിലനിർത്തുന്നതിനുമുള്ള മനോഭാവം ഉണ്ടാകുന്നതിന് ഈ യൂണിറ്റ് സഹായകരമാവണം.

**പ്രശ്ന മേഖല : സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രമായ വികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

| ആശയങ്ങൾ | പ്രക്രിയ | പ്രകടിതരൂപം | വിലയിരുത്തൽ | മോഡ്യൂൾ നമ്പർ/ (വിഷയം) |
|---|---|---|---|---|
| • നമ്മുടെ പ്രദേശത്ത് വിവിധ ആഘോഷങ്ങളുണ്ട്.<br>• ആവശ്യമായ സ്ഥാനങ്ങളിൽ നിർത്തി വ്യക്തമായും സ്ഫുടമായുമാണ് അനൗൺസ്മെന്റ് നടത്തേണ്ടത്. | • ആഖ്യാനം ശ്രവിച്ചും ദേശഭക്തി ഗാനങ്ങൾ ആലപിച്ചും പാഠഭാഗം വായിച്ചും, ചിത്രങ്ങൾ നിരീക്ഷിച്ചും ചർച്ച ചെയ്തും ആശയരൂപീകരണം നടത്തുന്നു.<br>• ആശയം സ്വാംശീകരിച്ച് ഉചിതമായ രീതിയിൽ അനൗൺസ്മെന്റ് നടത്തുന്നു. | • ആലാപനം<br>• അനൗൺസ്മെന്റ്<br>• ആഘോഷങ്ങളുടെ പട്ടിക | • ആലാപനം (സ്വയം, പരസ്പരം)<br>• അനൗൺസ്-മെന്റ് (പരസ്പരം)<br>• ആഘോഷങ്ങളുടെ പട്ടിക (ടീച്ചർ) | • 1 ഭാഷ |
| • ജനങ്ങളുടെ കൂട്ടായ്മയിലാണ് ആഘോഷങ്ങൾ നടത്തുന്നത് | • ടി.ബി ചിത്രങ്ങൾ നിരീക്ഷിച്ചും ചർച്ച ചെയ്തും നിഗമനം രൂപീകരിക്കുന്നു.<br>• ആഘോഷങ്ങൾ, ജനങ്ങൾ നൽകിയ സഹായം എന്നിവയടങ്ങുന്ന പട്ടിക തയ്യാറാക്കുന്നു. | • പട്ടിക<br>• കുറിപ്പ് | • ചർച്ചയിലെ പങ്കാളിത്തം<br>• കുറിപ്പ് | • 2 പരിസര പഠനം |
| • ആഘോഷദിവസങ്ങൾ കണ്ടെത്താൻ കലണ്ടർ സഹായിക്കുന്നു.<br>• കലണ്ടറുകളിൽ ചില പാറ്റേണുകൾ ഉണ്ട്. | • കലണ്ടർ നോക്കി വിശേഷദിവസങ്ങൾ കണ്ടെത്തി തിയതിയും മാസവും പട്ടികപ്പെടുത്തുന്നു.<br>• കലണ്ടറുകൾ പരിശോധിച്ച് പാറ്റേണുകൾ കണ്ടെത്തുന്നു കളികളിലേർപ്പെടുന്നു. | • വിശേഷദിവസപ്പട്ടിക<br>• കലണ്ടറിലുള്ള മറ്റു വിവരങ്ങളുടെ പട്ടിക<br>• പാറ്റേൺ | • പട്ടികകൾ,<br>• പാറ്റേണുകൾ<br>• യുക്തി സമർത്ഥനത്തിനുള്ള കഴിവ്. | • 3. ഗണിതം |
| • അയൽപക്കസഹകരണം എല്ലാവർക്കും ഗുണകരമാണ്.<br>• നടന്ന കാര്യങ്ങൾ ക്രമമായി ആത്മാംശത്തോടെ അവതരിപ്പിക്കുന്നതാണ് അനുഭവവിവരണം. | • ആഖ്യാനം കേട്ടും പാഠഭാഗം വായിച്ചും ചർച്ചചെയ്തും ആശയം രൂപീകരിക്കുന്നു.<br>• അയൽപക്കത്തുള്ളവരെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. (പേര്, വീട്ടുപേര്)<br>• അയൽപക്ക സഹകരണവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പങ്കുവെക്കുകയും അനുഭവവിവരണം നടത്തുകയും ചെയ്യുന്നു. | • പട്ടിക<br>• അനുഭവ വിവരണം | • ശേഖരിച്ച വിവരങ്ങളുടെ സമഗ്രത (ടീച്ചർ)<br>• വാചികമായ അനുഭവവിവരണം.(ടീച്ചർ, പരസ്പരം) | • 4. ഭാഷ |

**പ്രശ്ന മേഖല : സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രമായ വികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

| ആശയങ്ങൾ | പ്രക്രിയ | പ്രകടിതരൂപം | വിലയിരുത്തൽ | മോഡ്യൂൾ നമ്പർ/ (വിഷയം) |
|---|---|---|---|---|
| • നാട്ടിലെ എല്ലാ വർക്കും സഹായ കരമായ ചില പൊതു ഇടങ്ങളും സ്ഥാപനങ്ങളു മുണ്ട്<br>• കളിപ്പാട്ടങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഗണിത ക്രിയകൾ ഉപയോഗിക്കുന്നു. (സങ്കലനം, വ്യവക ലനം പ്രശ്നാപഗ്ര ഥനം – 100 ൽ താഴെ) | • ആഖ്യാനം കേട്ടും ചിത്രം വിശകലനം ചെയ്തും ചർച്ച ചെയ്തും ആശയം രൂപീകരിക്കുന്നു.<br>• സ്വന്തം പ്രദേശത്തെ പൊതുഇടങ്ങൾ ഏതൊക്കെയാ ണെന്ന് കണ്ടെത്തി എഴുതുന്നു<br>• കളിപ്പാട്ടങ്ങളുടെ വാങ്ങലുമായി ബന്ധ പ്പെട്ട പ്രയോഗിക പ്രശ്നങ്ങൾ നിർദ്ധാ രണം ചെയ്യുന്നു. | • പട്ടിക<br>• നിർദ്ധാരണം ചെയ്ത ഗണിത പ്രശ്നങ്ങൾ | • പട്ടിക<br>• നിർദ്ധാരണ രീതികൾ, നിർധാരണം ചെയ്ത പ്രശ്ന ങ്ങൾ (പര സ്പരം, ടീച്ചർ) | • 5. ഗണിതം |

## മോഡ്യൂൾ 1 – ഭാഷ

ആശയം :
- നമ്മുടെ പ്രദേശത്ത് വിവിധ ആഘോഷങ്ങളുണ്ട്
- ആവശ്യമായ സ്ഥാനങ്ങളിൽ നിർത്തി വ്യക്തമായും സ്പുടമായുമാണ് അനൗൺസ്മെന്റ് നടത്തേണ്ടത്.

സാമഗ്രികൾ :
1. വിവിധ ആഘോഷങ്ങളുടെ നോട്ടീസുകൾ
2. ഉത്സവങ്ങൾ/ആഘോഷങ്ങൾ എന്നിവയുടെ ചിത്രങ്ങൾ
3. മെഗഫോൺ (എക്സ്റേ ഷീറ്റ്, സെലോടേപ്പ്)
4. ദേശഭക്തിഗാനങ്ങൾ
5. ദേശീയനേതാക്കളുടെ ചിത്രങ്ങൾ, സ്റ്റാമ്പുകൾ
6. ദേശീയപതാക, കുങ്കുമം, വെള്ള, പച്ച കടലാസുകൾ
7. ഈർക്കിലുകൾ, മഞ്ചാടി
8. ക്രയോൺ
9. കത്രിക

**ആഖ്യാനം**

ആസ്പത്രിക്കുന്നിന്റെ ചെരിവിലാണ് സലിമിന്റെ വീട്. അവന്റെ അയൽവാസിയാണ് ഉല്ലാസ്. രണ്ടുപേരും ഒരുമിച്ചാണ് സ്കൂളിലേക്ക് വരുന്നതും പേകുന്നതും.

അന്ന് വൈകുന്നേരം രണ്ടുപേരും വൈകിയാണ് സ്കൂളിൽ നിന്നിറങ്ങിയത്. പിറ്റേന്ന് നടത്തുന്ന സ്വാതന്ത്ര്യദിനാഘോഷ ത്തിന്റെ ഒരുക്കത്തിലായിരുന്നു എല്ലാവരും.

എന്തൊക്കെയായിരിക്കും ഒരുക്കങ്ങൾ? (സ്വതന്ത്രപ്രതിക രണം)

റാലിയിൽ ഏറ്റവും നല്ല പരിപാടികൾ അവതരിപ്പിക്കുന്ന ക്ലാസിന് സമ്മാനമുണ്ട്. ഈ സ്കൂളിൽ പഠിച്ചിരുന്ന രമണിച്ചേച്ചിയാണ് ദേശഭക്തിഗാനം പഠിപ്പിക്കുന്നത്. ആ പാട്ടും പാടിക്കൊണ്ടാണ് സലിമും ഉല്ലാസും വരുന്നത്.

- ഏത് ഈണത്തിലായിരിക്കും അവർ പാടിയത്?
  - ടി.ബിയിലെ ദേശഭക്തിഗാനം വ്യക്തിഗതമായി വായിക്കുന്നു. ഈണം കണ്ടെത്തുന്നു.
- നിങ്ങൾ കണ്ടെത്തിയ ഈണം തന്നെയാണോ കൂട്ടുകാർ കണ്ടെത്തിയത്?
  - ഗ്രൂപ്പിൽ പങ്കുവെക്കുന്നു. പൊതു ഈണം കണ്ടെത്തുന്നു.
  - ഗ്രൂപ്പുകളുടെ അവതരണം
  - ടീച്ചർ അവതരണം (നേരിട്ട്/സി.ഡി)

- ടീച്ചറും ഈണം കണ്ടെത്തി അവതരിപ്പിക്കണം
- ഈണം, താളം, ഉച്ചാരണശുദ്ധി ഇവയൊക്കെ പരിഗണിച്ച് ആലാപനം വിലയിരുത്തുമല്ലോ.

**ആഖ്യാനം**

“എല്ലാവരും ഒത്തുചേർന്ന് പാടുമ്പോൾ കേൾക്കാൻ നല്ല രസമായിരിക്കും. അല്ലേ?” സലിം ഉല്ലാസിനോടു ചോദിച്ചു.

“അതെയതെ. നാളത്തെ റാലിക്കുവേണ്ട കൊടിക്കമ്പുകൾ എത്തിക്കാമെന്ന് ഏറ്റത് നമ്മളല്ലേ?”

“പഞ്ചായത്ത് മൈതാനത്തിനടുത്ത് റോഡരികിൽ ഇഷ്ടംപോലെ തൈലപ്പുല്ലുകളുണ്ട്. അതിന്റെ കമ്പ് ഒടിച്ചെടുക്കാം.” സലിം പറഞ്ഞു.

അവർ അങ്ങോട്ടേക്ക് നടന്നു. അപ്പോഴാണ് മൈക്കിലൂടെ വിളിച്ചുപറയുന്നത് കേട്ടത്.

- എന്താണ് മൈക്കിലൂടെ വിളിച്ചുപറഞ്ഞതെന്നോ? ടി.ബി യിൽ നിന്നും കണ്ടെത്തൂ.

  കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.
- മെഗഫോൺനൽകുന്നു. പുസ്തകം നോക്കി മെഗഫോണിലൂടെ അനൗൺസ്മെന്റ് നടത്തുന്നു. (റാൻഡം)-മെച്ചപ്പെട്ട അനൗൺസ്മെന്റ് ഏത്?
- എന്തുകൊണ്ടാണ് മെച്ചപ്പെട്ടത്?
- സ്കൂളിലെ സ്വാതന്ത്ര്യദിനഘോഷത്തിന്റെ അനൗൺസമെന്റ് നടത്തണമെങ്കിൽ എന്തൊക്കെ ഒരുക്കങ്ങൾ വേണം?

- അനൗൺസ്മെന്റ് കുറിപ്പ് തയാറാക്കാം.
- വ്യക്തിഗതമായി തയ്യാറാക്കുന്നു.
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു മെച്ചപ്പെടുത്തുന്നു.

പരസ്പരസഹായത്തോടെയും ടീച്ചറുടെ സഹായത്തോടെയും വായനയിൽ പിന്നാക്കം നിൽക്കുന്നവർക്ക് സഹായം നൽകണം.

- കൂടുതൽ പേർക്ക് അവസരം നൽകണം.
- ഉച്ചാരണശുദ്ധിയോടെ നിർത്തേണ്ടിടത്ത് നിർത്തി ശബ്ദവ്യതിയാനത്തോടെയാണോ വായിക്കുന്നത്?
- വിലയിരുത്തൽ
- ടീച്ചറുടെ മാതൃക

- അനൗൺസ്മെന്റ് നടത്തുന്നതിനാണ് വായന.
- ടീച്ചർ എന്തുസഹായമാണ് നൽകിയത്? എത്രപേർക്ക് സ്വന്ത മായി വായിക്കാൻ കഴിഞ്ഞു?

  ടീച്ചറുടെ സഹായത്തോടെ ആർക്കൊക്കെ കഴിഞ്ഞു?

**ആഘോഷങ്ങൾ പലത്**

**ആഖ്യാനം**

അനൗൺസ്മെന്റ് ജീപ്പിൽനിന്നും പുറത്തേക്കിട്ട നോട്ടീസ് സലിം എടുത്തുവായിക്കാൻ തുടങ്ങി.

"വായിച്ചുകഴിഞ്ഞാൽ ഈ നോട്ടീസ് എനിക്കുതരണേ"

"അതെന്തിനാ"- എന്റെ ചേട്ടൻ ഇതുപോലെ കുറെ നോട്ടീസുകൾ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഇതും അതിൽ വെക്കാമല്ലോ? ഉല്ലാസ് പറഞ്ഞു.

"എന്നാൽ നിന്റെ ചേട്ടന്റെ നോട്ടീസ് ശേഖരം എനിക്കൊന്നു കാണിച്ചു തരുമോ."

"വീട്ടിലെത്തട്ടെ. ഇപ്പോൾത്തന്നെ കാണാമല്ലോ."

ഉല്ലാസ് പറഞ്ഞു. വീട്ടിലെത്തിയ ഉടനെ ഉല്ലാസ് ചേട്ടന്റെ നോട്ടീസ് ശേഖരം സലീമിനെ കാണിച്ചു. പലതരം നോട്ടീസുകൾ. പലനിറത്തിലുള്ളത്.

**ആഘോഷങ്ങൾ എത്ര!**

ഓണാഘോഷം

സ്വാതന്ത്ര്യദിനാഘോഷം

സ്കൂൾ വാർഷികാഘോഷം

.........................................

.........................................

.........................................

❖ ഏതെല്ലാം ആഘോഷങ്ങളുമായി ബന്ധപ്പെട്ടവയായിരിക്കും നോട്ടീസുകൾ?

ടീച്ചർ നോട്ടീസ് ശേഖരം നൽകുന്നു. നോട്ടീസ് തരംതിരിക്കുന്നു.

ആഘോഷങ്ങളുമായി ബന്ധപ്പെട്ട നോട്ടീസുകൾ പരിശോധിക്കുന്നു. ഏതൊക്കെ ആഘോഷങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തിഗതമായി നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു.

ഗ്രൂപ്പിൽ ക്രോഡീകരിക്കുന്നു.

ഗ്രൂപ്പ് അവതരണം.

ടീച്ചർ ചാർട്ടിൽ/ബി.ബിയിൽ എഴുതുന്നു. പൊതുചർച്ചയിലൂടെ ആഘോഷങ്ങളുടെ ലിസ്റ്റ് വിപുലീകരിക്കുന്നു.

**ആഖ്യാനം**

സ്വാതന്ത്ര്യദിനാഘോഷത്തിന് സ്കൂളിൽ പല ഒരുക്കങ്ങളും നടന്നു. എന്തൊക്കെയാവും ഒരുക്കങ്ങൾ?

- ടി.ബി യിലെ "സലീം ചൊല്ലിക്കൊടുത്തത്... മുതൽ വീട്ടിലേക്ക് നടന്നു." വരെ വായിച്ചുകണ്ടെത്തട്ടെ.
- കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കുന്നു.
- ഗ്രൂപ്പിൽ പങ്കുവെക്കുന്നു.

  മറ്റെന്തൊക്കെ ഒരുക്കങ്ങൾ?

  നോട്ടുബുക്കിൽ എഴുതുന്നു.
- തൈലപ്പുല്ല് ഒടിച്ചെടുത്തത് എന്തിനാണ്?
- സലിമും കൂട്ടുകാരും നിർമിച്ചതുപോലെ പതാകയുണ്ടാക്കി നമുക്കും ഒരു റാലി നടത്തിയാലോ?
- ദേശീയപതാക നിരീക്ഷിക്കുന്നു. കണ്ടെത്തിയ കാര്യങ്ങൾ പറയുന്നു. (നിറങ്ങൾ, ആകൃതി, ചക്രം)
- അശോക ചക്രത്തിലെ ആരക്കാലുകളുടെ എണ്ണം എങ്ങനെ കണ്ടെത്തും? നേരിട്ട് എണ്ണി കണ്ടെത്താൻ കഴിയാത്തവർ മഞ്ചാടികൾവെച്ച് എണ്ണി നോക്കട്ടെ.
- കുങ്കുമം, വെള്ള, പച്ചനിറമുള്ള കടലാസുകൾ നൽകുന്നു. പശ ഉപയോഗിച്ച് ഒട്ടിച്ചു പതാകനിർമിക്കുന്നു. ഈർക്കിലിൽ ഒട്ടിച്ച് കൊടിയുണ്ടാക്കുന്നു.
- അവയുപയോഗിച്ച് ഒരു റാലി നടത്തുന്നു.

ആഘോഷത്തിനുമുമ്പ് എന്തെല്ലാം ഒരുക്കങ്ങൾ?

- ശുചീകരണം
- അലങ്കരണം
- അറിയിപ്പുകൾ
- പതാക നിർമാണം
- തൊപ്പിനിർമാണം
- കലാപരിശീലനം

- കുട്ടികൾക്ക് അനുഭവമുള്ള പ്രാദേശിക ഉത്സവം/ആഘോഷത്തിൽ നിന്ന് ചർച്ച തുടങ്ങാം.
- നോട്ടീസ് ശേഖരം ഡി.ടി.പി ചെയ്ത് ഉണ്ടാക്കാം. ക്ലസ്റ്ററിൽ ചർച്ചചെയ്ത് തയാറാക്കൂ. കിട്ടുന്നവ ശേഖരിക്കൂ.

**മറ്റ് സാധ്യതകൾ**

- പതാകവരച്ച് നിറം കൊടുക്കൽ
- വർക്ക്ഷീറ്റിൽ വരച്ച പതാകയ്ക്ക് നിറം നൽകൽ
- കടലാസു കൊണ്ട് തോരണം
- കുരുത്തോലത്തോരണം
- ഗാന്ധിത്തൊപ്പി നിർമാണം.

**പതാകനിർമാണം മറ്റൊരു രീതിനോക്കൂ**

ടീച്ചർ മൂന്ന് നീളവും രണ്ട് അനുപാതമുള്ള വെള്ളക്കടലാസ് നൽകുന്നു. അനുപാതമനുസരിച്ച് കുങ്കുമം, പച്ചക്കടലാസുകൾ നൽകുന്നു. അവ യഥാസ്ഥാനത്ത് ഒട്ടിച്ച് പതാക നിർമിക്കുന്നു.

## മോഡ്യൂൾ 2 - പരിസരപഠനം

| | | |
|---|---|---|
| ആശയം | : | • ജനങ്ങളുടെ കൂട്ടായ്മയിലാണ് ആഘോഷങ്ങൾ നടക്കുന്നത്. |
| സാമഗ്രികൾ | : | • ടി.ബി ചിത്രങ്ങൾ (പേജ് 44) |

**ആഖ്യാനം**

(സലിമിന്റെ സ്കൂളിലെ സ്വാതന്ത്ര്യ ദിനാഘോഷം)

സ്വാതന്ത്ര്യദിനമായി. കുട്ടികൾ നേരത്തെ തന്നെ സ്കൂളിൽ എത്തി. രാവിലെ മുതൽ പരിപാടികൾ തുടങ്ങി. എന്തൊക്കെ പരിപാടികൾ?

അവയുടെ ചിത്രങ്ങളും പത്രവാർത്തയുടെ ഒരു ഭാഗവും ടി.ബിയിൽ ഉണ്ട് (P.44)

- വ്യക്തിഗതമായി ചിത്രങ്ങൾ നിരീക്ഷിക്കുന്നു. പത്രവാർത്തയുടെ ഭാഗം വായിക്കുന്നു.
- കണ്ടകാര്യങ്ങൾ അവതരിപ്പിക്കുന്നു - ചർച്ച
- ഈപരിപാടികൾ ആരുടെയൊക്കെ സഹായത്തോടെയാണ് നടത്തിയത്?
- നിങ്ങളുടെ സ്കൂളിൽ നടത്തുന്ന പരിപാടികളിൽ ഇതുപോലെയുള്ള സഹായം ലഭിക്കാറുണ്ടോ? നിങ്ങളുടെ സ്കൂളിൽ നടത്തുന്ന പരിപാടികൾ എന്തൊക്കെ? അവയ്ക്കു മറ്റുള്ളവർ നൽകുന്ന സഹായം എന്ത്?
- വീട്ടിൽ നടക്കുന്ന ആഘോഷങ്ങളെന്തൊക്കെ?

  വിവാഹം, പിറന്നാൾ,....
- വിവാഹത്തിന് എന്തൊക്കെ ഒരുക്കങ്ങളാണ് വീട്ടിൽ നടക്കുന്നത്?

  ഈ ഒരുക്കങ്ങൾ വീട്ടുകാർ തനിച്ചാണോ നടത്തുന്നത്?

  എന്തുസഹായം മറ്റുള്ളവരിൽ നിന്ന് ലഭിക്കുന്നു?

പട്ടികയുടെ ഫോർമാറ്റ് കുട്ടികളുമായി ചർച്ചചെയ്തു തയാറാക്കുന്നു.

- പട്ടികയിൽ നിന്ന് എന്തൊക്കെ കാര്യങ്ങളാണ് മനസ്സിലാക്കാൻ കഴിയുന്നത്?

| വീട്ടിലെ ആഘോഷങ്ങൾ | മറ്റുള്ളവരുടെ സഹായം |
|---|---|
| • വിവാഹം<br>• | |

വ്യക്തിഗതമായി തയാറാക്കിയ ഉല്പന്നം, മെച്ചപ്പെടുത്തി എഴുതിയത് ഇവ രണ്ടും വിലയിരുത്തണം.

- പലരുടെയും സഹായത്തോടെയാണ് ആഘോഷങ്ങൾ നടക്കുന്നത് എന്ന ആശയം ചർച്ചയിലൂടെ രൂപീകരിക്കുന്നു
- ഇനി നിങ്ങളുടെ വിദ്യാലയത്തിൽ പൊതുജനപങ്കാളിത്തത്തോടെ നടന്ന ഒരു പരിപാടിയെക്കുറിച്ച് ലഘുകുറിപ്പു തയ്യാറാക്കൂ.
- കുട്ടികളുമായി ചർച്ചചെയ്ത് ഏത് പരിപാടിയെക്കുറിച്ച് എഴുതണമെന്ന് തീരുമാനിക്കുന്നു.
- വ്യക്തിഗത രചന
- ഗ്രൂപ്പിൽ പങ്കുവെച്ച് മെച്ചപ്പെടുത്തുന്നു.
- ടീച്ചേഴ്സ് വെർഷൻ
- മെച്ചപ്പെടുത്തി ടി.ബിയിൽ രേഖപ്പെടുത്തൽ.

## എഡിറ്റിംഗ് നടത്തുമ്പോൾ:

ആശയപരമായ കൂട്ടിച്ചേർക്കലാണ് ആദ്യം നടക്കേണ്ടത്. വിഷയവുമായി ബന്ധപ്പെട്ട പ്രധാനകാര്യങ്ങളെല്ലാം വന്നില്ലെങ്കിൽ അതിനെക്കുറിച്ച് ചോദിക്കണം. അപ്പോൾ കുട്ടികൾ അതുകൂട്ടിച്ചേർക്കും.

തുടർന്നാണ് ഭാഷാപരമായ പ്രശ്നങ്ങൾ പരിഗണിക്കേണ്ടത്.

### മോഡ്യൂൾ 3 – ഗണിതം

| | | |
|---|---|---|
| ആശയം | : | • ആഘോഷദിവസങ്ങൾ കണ്ടെത്താൻ കലണ്ടർ സഹായിക്കുന്നു.<br>• കലണ്ടറുകളിൽ ചില പാറ്റേണുകൾ ഉണ്ട്. |
| സാമഗ്രികൾ | : | • കലണ്ടറുകൾ |

**ആഖ്യാനം**

റാലിയിലെ മികച്ച പ്രകടനത്തിന് സലിമിന്റെ ക്ലാസിനായിരുന്നു ഒന്നാം സമ്മാനം. പതാകയേന്തി, ഒരേ ഈണത്തിൽ ദേശഭക്തിഗാനം പാടിക്കൊണ്ട് അവർ റാലിയിൽ അണിനിരന്നത് എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി. സമാപനയോഗത്തിൽ വെച്ച് പഞ്ചായത്ത് പ്രസിഡന്റ് സമ്മാനം നൽകി. ക്ലാസ് ലീഡറായ സലിമാണ് സമ്മാനം ഏറ്റുവാങ്ങിയത്. പരിപാടികൾ വിജയിപ്പിക്കാൻ ഒത്തുചേർന്ന നാട്ടുകാരും അവനെ അഭിനന്ദിച്ചു. ഇതെല്ലാം ഓർത്തുകൊണ്ട് വീടിന്റെ ഉമ്മറത്തിരിക്കുകയാണ് സലിം.

"ഉമ്മാ, ഇനിയെന്നാണ് ഇതുപോലൊരു ആഘോഷം ഉണ്ടാവുക? അതിലും പങ്കെടുത്ത് സമ്മാനം വാങ്ങണം."

ഉമ്മ ചുവരിൽ തൂക്കിയ കലണ്ടർ എടുത്ത് അവന്റെ കൈയിൽ കൊടുത്തു. "ഇതിലുണ്ടാകും നീ കണ്ടുപിടിക്ക്." ഉമ്മ പറഞ്ഞു.

സലിം കലണ്ടർ മറിച്ചുനോക്കി. ഏതെല്ലാം വിശേഷദിവസങ്ങളായിരിക്കും അവൻ കണ്ടെത്തിയത്?

- അറിയാവുന്ന വിശേഷദിവസങ്ങൾ വ്യക്തിഗതമായി എഴുതുന്നു.
- ഗ്രൂപ്പിൽ പങ്കുവെക്കുന്നു.
- ഗ്രൂപ്പിൽ കലണ്ടർ നൽകുന്നു.
- കലണ്ടറിന്റെ സഹായത്തോടെ പട്ടിക വിപുലീകരിക്കുന്നു.
- ഗ്രൂപ്പ് അവതരണം
- ടീച്ചർ ചാർട്ടിൽ/ബി.ബി യിൽ ക്രോഡീകരിക്കുന്നു.
- ടി.ബി പട്ടിക പൂരിപ്പിക്കുന്നു.

❖ കലണ്ടറിൽ മറ്റെന്തെല്ലാം?

ഗ്രൂപ്പിൽ കലണ്ടർ പരിശോധിക്കുന്നു. കലണ്ടറിലുള്ള മറ്റു കാര്യങ്ങൾ കണ്ടെത്തുന്നു രേഖപ്പെടുത്തുന്നു.

**കലണ്ടറിൽ**
- വർഷം
- മാസങ്ങൾ (ഇംഗ്ലീഷ്/ മലയാളം...)
- ആഴ്ച
- വാവുകൾ
- നക്ഷത്രങ്ങൾ
- അവധിദിവസം
- വിശേഷദിവസങ്ങൾ

**കലണ്ടറിനെ ഭാഷയാക്കാം**
- കലണ്ടറിൽ നിന്ന് വായിച്ചെടുക്കുന്ന കാര്യങ്ങൾ ഉറക്കെപ്പറയട്ടെ.

ഉദാ:-

ഈ മാസം ഒന്നാം തീയതി ശനിയാഴ്ചയാണ്. ഈ മാസത്തിൽ 5 ശനിയാഴ്ചകളുണ്ട്. ജനുവരിമാസത്തിൽ മുപ്പത്തിയൊന്നു ദിവസമുണ്ട്. മാസത്തിലെ ദിവസങ്ങൾ ഒരു പോലയല്ല.....

കലണ്ടർ കൊണ്ട് എന്തെല്ലാം പ്രയോജനങ്ങൾ?

കലണ്ടർ കൊണ്ടുള്ള പ്രയോജനങ്ങൾ ചർച്ച ചെയ്യുന്നു. രേഖപ്പെടുത്തുന്നു.

- അവതരണം
- ടി.ബി യിൽ പൂരിപ്പിക്കൽ

- കറുത്തവാവ് കഴിഞ്ഞ് എത്ര ദിവസം കഴിഞ്ഞാണ് വെളുത്തവാവ്? (ദിവസങ്ങൾ എണ്ണി കണ്ടെത്തട്ടെ)
- നിങ്ങളുടെ പിറന്നാൾ എന്നാണ്? ആഴ്ച, മാസം, തീയ്യതി-ടി.ബിയിൽ രേഖപ്പെടുത്തുന്നു.
- പിറന്നാൾ കഴിഞ്ഞ്/പിറന്നാൾ ആകാൻ ഇനി എത്ര ദിവസം/ മാസം?
- ടി.ബി യിലെ വിശേഷദിവസങ്ങൾ-തീയതി എന്ന പട്ടിക പൂരിപ്പിക്കുന്നു.

**പാറ്റേൺ പൂർത്തിയാക്കാം**
- ടി.ബി യിലെ കലണ്ടർ ചിത്രം ബി.ബിയിൽ/ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
- കോണോടുകോണായി വരുന്ന സംഖ്യകളാണ് 3, 9, 15. ഈ സംഖ്യകളെ തുടർന്ന് കോണിൽ വരുന്ന സംഖ്യകൾ ഏതായിരിക്കും?

കലണ്ടറിൽ നിന്ന് കണ്ടെത്തിപറയാനുള്ള കൂടുതൽ ചോദ്യങ്ങൾ ക്ലസ്റ്ററിൽ രൂപീകരിക്കാം.

3, 9, 15, .........., .......... അടുത്ത രണ്ട് സംഖ്യകൾ പൂരിപ്പിക്കൂ.

കണ്ടെത്തിയ രീതികൾ പങ്കുവെക്കൂ.

1, 9, 17, .........., ..........

1, 8, 15, .........., ..........

| | | | |
|---|---|---|---|
| | | | 3 |
| | | 9 | |
| | 15 | | |
| | | | |

**കലണ്ടർ കളികൾ**
- കലണ്ടറിലെ വിട്ടുപോയ സംഖ്യകൾ പൂരിപ്പിക്കൽ

| | | |
|---|---|---|
| | | |
| | 5 | |
| | | |

മുന്നിലും പിന്നിലും മുകളിലും താഴെയും വരുന്ന സംഖ്യകൾ ഏതായിരിക്കും. കണ്ടെത്തൂ.

- ഈ കലണ്ടറിന്റെ ഭാഗത്ത് എന്തൊക്കെ സംഖ്യകൾ കൂട്ടിയാൽ 27 കിട്ടും?

  (വരി, നിര, കോണോടുകോൺ സംഖ്യകൾ മാത്രമേ കിട്ടാവൂ)

എതിർ കോണിലെ സംഖ്യകൾ മാത്രം കൂട്ടി നോക്കൂ.

ഉദാ: 1 + 17, 15 + 3

വേറെ ഏതെല്ലാം സംഖ്യകൾ കൂട്ടിയാൽ 18 കിട്ടും?

| | | |
|---|---|---|
| 1 | 2 | 3 |
| 8 | 9 | 10 |
| 15 | 16 | 17 |

- കലണ്ടറിൽ നിന്നും ഇത്തരം പ്രത്യേകതകൾ കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ.

ഉദാ: താഴോട്ടുള്ള കളങ്ങളിൽ വരുന്ന സംഖ്യകൾ തമ്മിൽ 7 ന്റെ വ്യത്യാസമാണ്.

## മോഡ്യൂൾ 4 - ഭാഷ

ആശയം : • അയൽപക്കസഹകരണം എല്ലാവർക്കും ഗുണകരമാണ്.
• നടന്നകാര്യങ്ങൾ ക്രമമായി ആത്മാംശത്തോടെ അവതരിപ്പിക്കുന്നതാണ് അനുഭവ വിവരണം.

ഭാഷാവസ്തുതകൾ :

ഭാഷാ വ്യവഹാരരൂപങ്ങൾ: • അനുഭവവിവരണം

സാമഗ്രികൾ :

**ആഖ്യാനം**

"നല്ല ചൂടുണ്ടല്ലോ ഉമ്മാ." പുതച്ചുകിടക്കുന്ന ഉമ്മയുടെ നെറ്റിയിൽ കൈ വെച്ചുകൊണ്ട് സലിം ചോദിച്ചു.

"മോൻ ജാനമ്മയുടെ വീട്ടിൽപോയി കുറച്ചു കുരുമുളക് തരാൻ പറയൂ. കുരുമുളക് കാപ്പി കുടിച്ചാൽ ഈ പനിയങ്ങ് മാറും."

സലിം ജാനമ്മയുടെ വീട്ടിലേക്ക് ഓടി. വിവരം പറഞ്ഞു. "ആമിനയ്ക്കു സുഖമില്ലേ എങ്കിൽ ഞാൻ വന്നു കാപ്പിയിട്ടുതരാം."

ജാനമ്മ സലിമിനെയും കൂട്ടി അവന്റെ വീട്ടിലേക്കു നടന്നു. രാത്രിയിലെ ആഹാരം ജാനമ്മ വീട്ടിൽനിന്ന് ഉണ്ടാക്കി കൊടുത്തയച്ചു. ആഹാരം കഴിച്ച് സലിമും അനിയത്തി ഉമ്മുക്കുൽസുവും ഒന്നിച്ചു കിടന്നു.

രാവിലെ ആരോ വിളിക്കുന്ന ശബ്ദം കേട്ട് സലിം ഉണർന്നു. "ങേ... ഇതെന്റെ വീടല്ലല്ലോ."

- ആരായിരിക്കും സലിമിനെ വിളിച്ചത്? അവൻ എവിടെയായിരിക്കും?

ഊഹം പറയട്ടെ.

- ടി.ബി യിലെ 'നല്ല അയൽപക്കം' എന്നഭാഗം വ്യക്തിഗതമായി വായിക്കാൻ അവസരം നൽകുന്നു.
- കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കുന്നു.

സലിമിന്റെ ഉമ്മയ്ക്കു അസുഖം വന്നപ്പോൾ അയൽപക്കത്തുള്ളവരാണ് സഹായത്തിനെത്തിയത്. ഇതുപോലെ നിങ്ങളുടെ വീട്ടുകാർ അയൽക്കാരെ സഹായിച്ച ഒരു സന്ദർഭം ഓർത്തു നോക്കൂ.

**അനുഭവ വിവരണം**
- ആശയക്രമം
- ഒഴുക്കോടെയുള്ള അവതരണം
- ആത്മാംശത്തിന് പ്രാധാന്യം.

ഇവയെല്ലാം വിലയിരുത്തലിന് പരിഗണിക്കേണ്ട തല്ലേ?

- അനുഭവവിവരണം. (വാചികാവതരണം)
- പാഠപുസ്തകത്തിൽ രേഖപ്പെടുത്തട്ടെ

സലിമിന്റെ അയൽപക്കത്ത് താമസിക്കുന്നവരാണ് ജാനമ്മയും ഉല്ലാസും. നിങ്ങളുടെ അയൽവാസികൾ ആരൊക്കെയാണ്?

- അയൽ വീടുകളിൽ ചെന്ന് വിവരശേഖരണം നടത്തി നോട്ടുബുക്കിൽ രേഖപ്പെടുത്തി വരണം.

വീട്ടുപേര്, ആളുകളുടെ പേരുകൾ എന്നിവ ശേഖരിക്കണം. എത്ര പുരുഷൻമാർ? എത്ര സ്ത്രീകൾ?

ടി.ബി യിൽ രേഖപ്പെടുത്തുന്നു.

പട്ടികയിൽ നിന്നും കണ്ടെത്താവുന്ന കാര്യങ്ങൾ നിഗമനമായി രേഖപ്പെടുത്തുന്നു.

## മോഡ്യൂൾ 5 - ഗണിതം

ആശയം :
- നാട്ടിലെ എല്ലാവർക്കും സഹായകരമായ ചില പൊതു ഇടങ്ങളും സ്ഥാപനങ്ങളുമുണ്ട്.
- കളിപ്പാട്ടങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഗണിതക്രിയകൾ ഉപയോഗിക്കുന്നു (സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം - 100 ൽ താഴെ)

സാമഗ്രികൾ :
- നാണയങ്ങൾ/കളിനാണയങ്ങൾ (1 രൂപ, 2 രൂപ, 5 രൂപ)

**ആഖ്യാനം**

ഉമ്മയെക്കാണാൻ ജാനമ്മയുടെ കൂടെ സലിം ആശുപത്രിയിലെത്തി. നല്ല തിരക്ക്.

- ടി.ബി പേജ്. 47 ലെ ചിത്രം നിരീക്ഷിക്കുന്നു.

❓ എന്തിനായിരിക്കും ഇവരൊക്കെ വന്നത്? - ചർച്ച

- ആശുപത്രിയിലെ സേവനങ്ങൾ
- ജോലിക്കാർ ആരൊക്കെ?
- 

ആശുപത്രിയുമായി നേരിട്ടനുഭവമുള്ളവരും. ക്ലാസിലുണ്ടാകാം.- എല്ലാവർക്കും ചർച്ചയിൽ പങ്കെടുക്കാൻ അവസരം നൽകണം.

❓ എന്താണ് ആശുപത്രിയുടെ ചുമരിൽ എഴുതിവെച്ചത്?

- എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്?

- ഇത് പോലെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഒത്തുചേരുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും ഏതൊക്കെ?

സ്വന്തം പ്രദേശത്തെ ഇത്തരം സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തി നോട്ടു ബുക്കിൽ എഴുതുന്നു.

ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. മെച്ചപ്പെടുത്തുന്നു. ടി.ബി യിൽ രേഖപ്പെടുത്തുന്നു.

**ആഖ്യനം: പെരുന്നാളാഘോഷം**

ഉമ്മയ്ക്കു സുഖമായി. ആശുപത്രിയിൽ നിന്നും വീട്ടിൽ തിരിച്ചെത്തി. ഇനി പെരുന്നാൾ ആഘോഷിക്കാം. ഉമ്മയില്ലെങ്കിൽ പെരുന്നാളാഘോഷത്തിന് ഒരു രസവുമുണ്ടാവില്ല. അവൻ ഓർത്തു. ഈ പെരുന്നാളിന് അനിയത്തിക്ക് ഒരു കളിപ്പാട്ടം വാങ്ങികൊടുക്കണം. സലിം അവന്റെ സമ്പാദ്യക്കുടുക്ക തുറന്നു. അതിലുള്ള നാണയങ്ങൾ തരം തിരിക്കാൻ തുടങ്ങി.

? ഏതൊക്കെ നാണയങ്ങളാവും കുടുക്കയിൽ? (സ്വ.പ്ര)

രണ്ടു രൂപയുടെ നാണയം - 5 എണ്ണം. ഒരു രൂപയുടെ നാണയം 14 എണ്ണം. അഞ്ചുരൂപയുടെ നാണയം 3 എണ്ണം.

? ആകെ എത്ര രൂപയുണ്ട്? കണ്ടെത്തൂ.

? എഴുതി കണ്ടെത്താൻ കഴിയുന്നവർ ആരൊക്കെ?

- കഴിയാത്തവർക്ക് യഥാർത്ഥ നാണയങ്ങളോ കളിനാണയങ്ങളോ നൽകുന്നു.
- ആകെ എത്ര രൂപ എന്ന് കണ്ടെത്തുന്നു.
- കണ്ടെത്തിയ രീതികൾ പങ്കു വയ്ക്കുന്നു.
- മനക്കണക്കിന്റെ സാധ്യതകൾ പരമാവധി ഉപയോഗിക്കണം.
- നാണയങ്ങളുടെ എണ്ണം/ മൂല്യം ഇവ വ്യത്യാസപ്പെടുത്തി കൂടുതൽ പ്രവർത്തനങ്ങൾ നൽകാം.

ആഖ്യാനം: കളിപ്പാട്ടക്കടയിൽ

? ഉമ്മുക്കുൽസുവിനെയും കൂട്ടി സലിം കളിപ്പാട്ടക്കടയിലെത്തി. "മോൾക്ക് എന്താ വേണ്ടത്?" അവൾ ചില കളിപ്പാട്ടങ്ങൾ ചൂണ്ടിക്കാട്ടി. എന്തൊക്കെയായിരിക്കും അവൾ ചൂണ്ടിക്കാട്ടിയത്?

- പാഠഭാഗം വായിച്ചു കണ്ടെത്തൽ (വ്യക്തിഗതം).
- കണ്ടെത്തിയ കാര്യങ്ങൾ അവതരണം.
- ടി.ബി യിലെ വിലവിവരപ്പട്ടികയിൽ നിന്നും വില കണ്ടെത്തുന്നു.
- ടി.ബി യിലെ പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. കണ്ടെത്തിയ വഴികൾ പങ്കു വയ്ക്കുന്നു.
- പട്ടികയിൽ നിന്നും പുതിയ ചോദ്യങ്ങൾ ഉണ്ടാക്കാൻ അവസരം നൽകണം.
- അവ നിർദ്ധാരണം ചെയ്യുന്നു.

**പൊതുസ്ഥാപനങ്ങൾ/ ഇടങ്ങൾ**

- വിദ്യാലയം
- തപാലാപ്പീസ്
- ആശുപത്രി
- കൃഷിഭവൻ
- പഞ്ചായത്താപ്പീസ്
- ചന്ത
- മൈതാനം
- ബസ്സ്സ്റ്റാന്റ്

? സ്വന്തമായി കണ്ടെത്തുന്നവർ/ സഹായത്തോടെ കണ്ടത്തുന്നവർ ആരൊക്കെ?

വിലയിരുത്തി രേഖപ്പെടുത്തണം.

**വിലയിരുത്തൽ**

പരസ്പരവിലയിരുത്തൽ, ടീച്ചർ വിലയിരുത്തൽ എന്നിവ നടത്തുമല്ലോ.

## അനുബന്ധം

- ദേശീയ നേതാക്കളുടെ ചിത്രം/ തപാൽ സ്റ്റാമ്പ് ശേഖരിച്ച് ഒട്ടിക്കൽ.
- പ്രാദേശിക ഉത്സവങ്ങളുടെ ചിത്രം, ആൽബം പ്രദർശനം.
- ദേശഭക്തിഗാന ശേഖരണം, ബാലസഭയിൽ അവതരണം.

### ദേശഭക്തിഗാനങ്ങൾ

കേരളമെന്നുടെ നാടാണ്
കേരം തിങ്ങിയ നാടാണ്
കേളിയെഴുന്നൊരു നാടാണ്
കേവഞ്ചികളുടെ നാടാണ്
മാനും മയിലും ചാഞ്ചാടും
മലമേടുകളുടെ നാടാണ്
കാറ്റും മലയും കാട്ടാറും
മേളിക്കുന്നൊരു നാടാണ്.

### ദേശീയ പതാക

ഉയരുക വർണപതാകേ
ഉയരുക ദേശപതാകേ
ഉയരുക വാനിൽ
വിലസുകമോദം
ഭാരതദേശപതാകേ
ഭാരത രാജ്യപതാകേ...

### എന്റെ നാട്

ഇന്ത്യയെന്ന നാട്
ഞാൻ പിറന്ന നാട്
എന്റെ സ്വന്തംനാട്
ചന്തമാർന്ന നാട്

പല ജനങ്ങളുണ്ട്
പല മതങ്ങളുണ്ട്
പലരുമൊത്തു ചേർന്ന്
പരിലസിക്കും നാട്.

ഭാഷയേറെയുണ്ട്
വേഷമേറെയുണ്ട്
എങ്കിലും നാമൊന്നായ്
കൈകൊരുക്കും നാട്

ഒരുമയാർന്ന നാട്
പെരുമയാർന്ന നാട്
എന്തു നല്ല നാട്
ഞാൻ പിറന്ന നാട്